# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുളക്കട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P11/1714/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 16/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുളക്കട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P11/1714/2021 തീയ്യതി: 16/07/2022

## കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 08-11-2021 | 23-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2021 | 23-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ബിജി വർഗ്ഗീസ്,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.രഞ്ജിത്ത് കുമാർ .ജി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.അമ്പിളി.ജി.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനിൽകുമാർ.എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രാജശ്രീ.സി.ആർ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സരസ്വതി. | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| അഡ്വ.പി.റ്റി.ഇന്ദുകുമാർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പ്രീത.ഒ.എൻ. | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.മുരളി.എം.പിള്ള | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ഡോ.രാജീവ്.എം | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.എം.ജയകുമാർ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2020 | 31-05-2020 |
| ഡോ.രജനി. | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-06-2020 | 06-11-2020 |
| ഡോ.സാബു.ആർ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 07-11-2020 | 31-03-2021 |
| ശ്രീമതി.മഞ്ജു | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.വത്സലകുമാരി രാഖി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.ശോഭ.കെ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീ.സുധീഷ് കുമാർ | ഡയറിഫാംഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ചിത്ര.കെ.ആർ | കൃഷി ഓഫീസർ | 01-04-2020 | 27-10-2020 |
| ശ്രീമതി.ടെസ്സി റെയ്ച്ചൽ തോമസ് | കൃഷി ഓഫീസർ | 28-10-2020 | 31-03-2021 |
| ശ്രീ. ഉണ്ണികൃഷ്ണൻ നായർ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ഡോ.ലക്ഷ്മി | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2020 | 12-01-2021 |
| ഡോ.രമാദേവി | മെഡിക്കൽ ഓഫീസർ-ആയുർവേദം | 13-01-2021 | 17-03-2021 |
| ഡോ.ജയന്തി സുധാകരൻ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 18-03-2021 | 31-03-2021 |
| ശ്രീ.ജി.രാധാകൃഷ്ണൻ | സെക്രട്ടറി | 01-04-2020 | 09-06-2020 |

| | | | |
|---|---|---|---|
| ശ്രീ.ജോസ് പ്രകാശ്.റ്റി.ഐ | സെക്രട്ടറി ഇൻചാർജ്ജ് | 10-06-2020 | 14-06-2020 |
| ശ്രീ.സുജിത്ത് കുമാർ.വി | സെക്രട്ടറി | 15-06-2020 | 21-12-2020 |
| ശ്രീ.ജോസ് പ്രകാശ്.റ്റി.ഐ | സെക്രട്ടറി ഇൻചാർജ്ജ് | 22-12-2020 | 19-01-2021 |
| ശ്രീ.സുജിത്ത് കുമാർ.വി | സെക്രട്ടറി | 20-01-2021 | 11-03-2021 |
| ശ്രീ.ജോസ് പ്രകാശ്.റ്റി.ഐ | സെക്രട്ടറി ഇൻചാർജ്ജ് | 12-03-2021 | 31-03-2021 |
| ശ്രീ.ജോസ് പ്രകാശ്.റ്റി.ഐ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Anilkumar S (Senior Grade Auditor, On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: G.Ambili (Senior Grade Auditor, On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 24-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: G.Ambili (Senior Grade Auditor, On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: G.Ambili (Senior Grade Auditor, On 26-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Anilkumar S (Senior Grade Auditor, On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ranjith Kumar G (Audit Officer (HG), On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Anilkumar S (Senior Grade Auditor, On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-07-2022) | 1-7 |
| 9 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 25-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 1-7-1 |
| 10 | ക്യാഷ് പരിശോധന<br>Written By: Rajasree.C.R (Auditor, On 16-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Anilkumar S (Senior Grade Auditor, On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Anilkumar S (Senior Grade Auditor, On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 1-10 |
| 13 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി തെറ്റായി നിർണ്ണയിച്ചു - പഞ്ചായത്തിന് വരുമാന നഷ്ടം.<br>Written By: Rajasree.C.R (Auditor, On 24-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-11 |
| 14 | മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു.<br>Written By: Rajasree.C.R (Auditor, On 24-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 1-12 |
| 15 | വാടക കുടിശിക നാളിതുവരെ ഒടുക്കുവരുത്തിയില്ല<br>Written By: Rajasree.C.R (Auditor, On 24-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 1-13 |
| 16 | ലോഗ് ബുക്കിലെ ക്രമക്കേടുകൾ - ഡീസൽ നിറച്ചയിനത്തിൽ അധികം നൽകിയ തുക 18,166/-രൂപ നിരാകരിക്കുന്നു. ലോഗ് ബുക്കിന്റെ | 1-14 |

| | | |
|---|---|---|
| | അഭാവത്തിൽ 59,825/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 23-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | |
| 17 | ഭവനനിർമ്മാണ സമുച്ചയം - സോയിൽ ടെസ്റ്റ് നടത്തിയ ഇനത്തിൽ 520/-രൂപ അധികം നൽകി.<br>Written By: Anilkumar S (Senior Grade Auditor, On 23-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-15 |
| 18 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 7,30,104/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 23-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-16 |
| 19 | രേഖകൾ ലഭ്യമാക്കിയില്ല - ചെലവു തുക തടസ്സപ്പെടുത്തന്നു.<br>Written By: Rajasree.C.R (Auditor, On 24-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 1-17 |
| 20 | വാടക, ലേലം - കരാർ ചമയ്ക്കുന്നില്ല.<br>Written By: Rajasree.C.R (Auditor, On 24-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 1-18 |
| 21 | സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായും അടവാക്കിയില്ല.<br>Written By: Rajasree.C.R (Auditor, On 24-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 1-19 |
| 22 | സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Rajasree.C.R (Auditor, On 24-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-20 |
| 23 | പാർപ്പിട സമുച്ചയ നിർമ്മാണം - പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ<br>Written By: Anilkumar S (Senior Grade Auditor, On 26-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-21 |
| 24 | കെല്ലിന് ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്കായി തുക നൽകിയെങ്കിലും നാളിതുവരെ പണി നടന്നിട്ടില്ല.<br>Written By: Anilkumar S (Senior Grade Auditor, On 26-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-07-2022) | 1-22 |
| 25 | ഡെപ്പോസിറ്റ് പ്രവൃത്തി - ബാലൻസ് തുക ലഭ്യമായില്ല.<br>Written By: Ranjith Kumar G (Audit Officer (HG), On 28-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-23 |
| 26 | ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല.<br>Written By: Ranjith Kumar G (Audit Officer (HG), On 28-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ലോഗ് ബുക്കിലെ ക്രമക്കേടുകൾ - ഡീസൽ നിറച്ചയിനത്തിൽ അധികം നൽകിയ തുക 18,166/-രൂപ നിരാകരിക്കുന്നു. ലോഗ് ബുക്കിന്റെ അഭാവത്തിൽ 59,825/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 23-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Anilkumar S (Senior Grade Auditor, On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Anilkumar S (Senior Grade Auditor, On 21-11-2021) | 4-2 |

| | | |
|---|---|---|
| | Last Updated By: Bini Chandran S (Computer Assistant, On 11-07-2022) | |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Anilkumar S (Senior Grade Auditor, On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Anilkumar S (Senior Grade Auditor, On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Anilkumar S (Senior Grade Auditor, On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Anilkumar S (Senior Grade Auditor, On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Anilkumar S (Senior Grade Auditor, On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 4-7 |
| 8 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Anilkumar S (Senior Grade Auditor, On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Anilkumar S (Senior Grade Auditor, On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Anilkumar S (Senior Grade Auditor, On 28-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Anilkumar S (Senior Grade Auditor, On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

19.3.20 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ /പരിഷ്കരിച്ച ബജറ്റ് 16.2.21 തീയതിയിലെ 5(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2021 | 02-07-21 | - | - |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1) ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന പേരിൽ ചേർത്തിരിക്കുന്ന 25,65,178/-രൂപയിൽ 16,00,000/-രൂപ Advance To Implementing Agencies എന്ന ഹെഡിൽ ചേർക്കേണ്ടതാണ്. ക്രെഡിറ്റ് ചെയ്ത് കുറവു വരുത്തിയിരിക്കുന്ന 2,23,147/-രൂപ 2019-20 വർഷത്തെ പാർട്ട് ബിൽ തുകയാണ്. 2020-21 വർഷം പാർട്ട് ബിൽ നൽകിയ തുകകൾ ഒന്നും വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) 49,72,000/-രൂപ ചെലവഴിച്ച് വസ്തു വാങ്ങിയെങ്കിലും ആയത് ആസ്തിയിൽ ഉൾപ്പെടുത്തിയില്ല.

3) വസ്തു വാങ്ങലിന്റെ ചെലവ് വാർഷികകണക്കുകളിൽ പ്രതിഫലിക്കുന്നില്ല.

4) Advance To Implementing Agencies എന്ന പേരിൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് 26,00,000/-രൂപ നൽകിയെങ്കിലും വാർഷികകണക്കുകളിൽ 10,00,000/-രൂപ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബാക്കി 16,00,000/-രൂപ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയിട്ടാണ് ചേർത്തിരിക്കുന്നത്. എന്നാൽ നാളിതുവരെ പണി ആരംഭിച്ചിട്ടില്ല.

5) ലൈസൻസ്, വാടക, മാർക്കറ്റ് ഫീസ്, വസ്തു നികുതി എന്നിവയുടെ കളക്ഷൻ തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,60,94,846/-രൂപ |
| ഓഡിറ്റ് വർഷത്തെ വരവ് | 11,18,90,265/-രൂപ |
| ആകെ | 1,47,98,5111/-രൂപ |
| ഓഡിറ്റ് വർഷത്തെ ചെലവ് | 11,45,86,037/-രൂപ |
| നീക്കിയിരിപ്പ് | 3,33,99,074/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18,166/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 35,79,929/-രൂപ |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ്(രൂപ) | ആകെ(രൂപ) | ചെലവ്(രൂപ) | സി.ബി(രൂപ) | ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,79,98,000/- | 1,79,98,000/- | 1,79,91,688/- | 6,312/- | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1,69,17,831/- | 1,69,17,831/- | 1,47,13,632/- | 22,04,199/- | 0 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 78,80,000/- | 78,80,000/- | 2,03,169/- | 76,76,831/- | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | 0 | 1,61,70,004/- | 1,61,70,004/- | 81,77,995/- | 79,92,009/- | 0 |
| മെയിന്റനൻസ്, റോഡ് | 0 | 2,17,39,000/- | 2,17,39,000/- | 2,16,43,487/- | 95,513/- | |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 57,19,000/- | 57,19,000/- | 22,84,441/- | 34,34,559/- | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 3,65,175/- | 12,50,715/- | 16,15,890/- | 16,14,542/- | 1,348/- | |
| റ്റി.എസ്.സി | 10,41,713/- | - | 10,41,713/- | - | 10,41,713/- | |
| ഐ.സി.ഡി.എസ് | 3,75,151/- | 13,62,620/- | 17,37,771/- | 16,02,406/- | 1,35,365/- | |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 6,13,380/- | 2,00,000/- | 8,13,380/- | 7,33,380/- | 80,000/- | |
| ശുചിത്വ മിഷൻ | 0 | 31,78,563/- | 31,78,563/- | 31,200/- | 31,47,363/- | |
| ആശ്രയ ചലഞ്ച് ഫണ്ട് | 1,09,211/- | 0 | 1,09,211/- | 1,09,211/- | 0 | |
| മഴക്കാല പൂർവ്വ ശുചീകരണം | 0 | 1,90,000/- | 1,90,000/- | 1,90,000/- | 0 | |
| പാലം കോംപൻസേഷൻ എമൌണ്ട് | 4,63,700/- | 0 | 4,63,700/- | 0 | 4,63,700/- | |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 295 | 18,08,62,477/- | 189 | 8,68,10,618/- | 16 | 90 | 48% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,65,175/- | 12,50,715/- | 16,15,890/- | 16,14,542/- | 1,348/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്(EFMS) | 0 | 5,40,16,970/- | 5,40,16,970/- | 5,40,16,970/- | 0 |
| ആകെ | 3,65,175/- | 5,52,67,685/- | 5,56,32,860/- | 5,56,31,512/- | 1,348/- |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ |
|---|---|---|

| | ₹ | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 66,240/- | 56 |
| കർഷകതൊഴിലാളി പെൻഷൻ | 25,87,000/- | 200 |
| വിധവാപെൻഷൻ | 2,11,06,700/- | 1685 |
| വാർദ്ധക്യകാലപെൻഷൻ | 41,62,970/- | 3470 |
| വികലാംഗപെൻഷൻ | 6,64,370/- | 468 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 12,45,900/- | 109 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 2,40,000/- | 8 |

1-7-1 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.

കുളക്കട ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കുശേഷവും പെൻഷണറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. 2020-21 വർഷം മരണം രജിസ്റ്റർ ചെയ്തവരുടെയും പെൻഷൻ സസ്പെന്റ് ചെയ്തവരുടെയും ലിസ്റ്റിൽ നിന്നും ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക (രൂപ) |
|---|---|---|---|---|---|---|
| 1 | പൊടിയമ്മ തോമസ് | വാർദ്ധക്യകാല പെൻഷൻ | 103210600976 | 31-1-20 | 2/20-10/21 | 31,400/- |
| 2 | രവീന്ദ്രൻ പിള്ള | വാർദ്ധക്യകാല പെൻഷൻ | 103210203751 | 24-2-20 | 3/20-10/21 | 29,000/- |
| 3 | തങ്കമ്മ | വാർദ്ധക്യകാല പെൻഷൻ | 103210202291 | 1-3-20 | 4/20-10/21 | 11,400/- |
| 4 | ജാനകി | വാർദ്ധക്യകാല പെൻഷൻ | 103210600128 | 4-3-20 | 4/20-10/21 | 22,600/- |
| | | | | | ആകെ | 94,400/- |

ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിരിക്കാൻ സാധ്യതകാണുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണവിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞുവരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. മുമ്പ് ആധാർ അധിഷ്ഠിത മരണ രജിസ്ട്രേഷൻ പ്രാബല്യത്തിൽ ഉണ്ടായിരുന്നെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ 19-10-2019ലെ ബി 1/30277/2017 സർക്കുലർ പ്രകാരം ആയത് നിർബന്ധമല്ലാതാക്കിയിട്ടുണ്ട്. നിലവിൽ പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള ഏകമാർഗ്ഗം. മരണശേഷം

അനുവദിച്ച പെൻഷൻ തുക 94,400/-രൂപ ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2021 തീയതിയിൽ 3.00 Pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43,622/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ വാടക ഈടാക്കുന്നതിൽ അപാകതകളുണ്ട്. ഡി.&ഒ.ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ കാര്യക്ഷമമായ പ്രവർത്തനം ഉണ്ടാകുന്നില്ല. ഡി.സി.ബി. പത്രികയിലെ വിവരങ്ങൾ ബന്ധപ്പെട്ട ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ലോഗ് ബുക്കും, ഡീസൽ നിറച്ച രേഖകളുടെയും പരിശോധനയിൽ വ്യാപകമായ സാമ്പത്തിക ക്രമക്കേടുകൾ നടക്കുന്നതായി ഓഡിറ്റ് കണ്ടെത്തി. 1.6.20 മുതലുള്ള ലോഗ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി താരതമ്യേന മെച്ചപ്പെട്ട ഒരു ആഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിർത്തേണ്ടതാണ്. റോഡ് കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് ഇവ കാലികമായി സൂക്ഷിക്കുന്നുണ്ട്. മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്ക് നൽകുന്ന ഫണ്ടുകൾ നോട്ടീസ്, ബാനറുകൾ, അനൌൺസ്മെന്റ് എന്നിവയ്ക്കാണ് പ്രധാനമായും ചെലവഴിക്കുന്നത്. കൊതുക് നിവാരണവുമായി ബന്ധപ്പെട്ട് ഫലപ്രദമായ രീതിയിൽ തുക ചെലവഴിക്കാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് ക്രമരഹിതമായ ധനമിടപാടുകൾ നടന്നുവരുന്നു. പെൻഷണർ മരണപ്പെട്ട ശേഷവും തുക വിതരണം ചെയ്തുകാണുന്നു. ബാങ്ക്മുഖേനയും അക്കൌണ്ടിലൂടെയും ഇത്തരത്തിൽ ക്രമരഹിതമായി പണം നൽകിയതുമൂഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നു. സർവ്വീസ് പെൻഷൻ കൈപ്പറ്റുന്നവരും സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റുന്നു. വിവിധ ഫണ്ടുകൾ അക്കൌണ്ട് ചെയ്യുന്നതിലും നടപടിക്രമങ്ങൾ പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഇടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | ഓഡിറ്റ് | അവസാനം | ഓഡിറ്റ് | റിപ്പോർട്ട് |
|---|---|---|---|---|

| | ഓഡിറ്റ് നടത്തിയ തീയതി | കാലയളവ് | ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.2.21 | 4/20 മുതൽ 12/20 വരെ | Nil |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.1.21 | 2015-16 മുതൽ 2019-20 വരെ | Nil |

1-11 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി തെറ്റായി നിർണ്ണയിച്ചു - പഞ്ചായത്തിന് വരുമാന നഷ്ടം.

വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ വാണിജ്യാവശ്യങ്ങൾക്കുള്ള 100 ച. മീ. വരെയുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 30/-രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50/-രൂപ നിരക്കിലുമാണ് വസ്തു നികുതി ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്, വാണിജ്യാവശ്യങ്ങൾക്കുള്ള 100 ച.മീ. വരെയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതുമൂലം പഞ്ചായത്തിന് വരവിനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര് | വാർഡ് നം/കെട്ടിട നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം(ച.മീ.) | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി-(ച.മീറ്ററിന് 30 രൂപ നിരക്കിൽ) (രൂപ) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി -(ച.മീറ്ററിന് 50 രൂപ നിരക്കിൽ ) (രൂപ) | കുറവ് (രൂപ) |
|---|---|---|---|---|---|
| വിജയകുമാർ, ചിറ്റേടത്ത് വീട്, മൈലംകുളം | 18/137 | 127 | 3,810/- | 6,350/- | 2,540/- |
| ബിനു ജോൺ, കാരിക്കാപെയ്യയിൽ വീട്, മൈലംകുളം | 18/911 | 122 | 3,660/- | 6,100/- | 2,440/- |
| വീണാ റേയ്ച്ചൽ ജോൺസൺ, കാഞ്ഞിരത്തുംമൂട്ടിൽ, അമ്പലമുക്ക് | 9/625 | 181 | 5,430/- | 9,050/- | 3,620/- |
| രാജേഷ് കുമാർ, ശ്രീലകം,ഇഞ്ചക്കാട് | 9/750/A | 105.36 | 3,160.8/- | 5,268/- | 2,107.2/- |
| ജോസഫ് മാത്യൂ, ഒറ്റപ്ലാവിള വീട്, പൂവറ്റൂർ കിഴക്ക്, കലയപുരം | 9/781/A | 120.7 | 3,621/- | 6,035/- | 2,414/- |

| | | | | | |
|---|---|---|---|---|---|
| റൂബി/രാജേഷ്, രാജേഷ് ഭവൻ, ഇഞ്ചക്കാട് | 9/860 | 103.6 | 3,108/- | 5,180/- | 2,072/- |
| റൂബി/രാജേഷ്, രാജേഷ് ഭവൻ, ഇഞ്ചക്കാട് | 9/861 | 116.8 | 3,504/- | 5,840/- | 2,336/- |
| ബാലകൃഷ്ണൻ, ദ്വാരക, പൂവറ്റൂർ കിഴക്ക്, കലയപുരം | 5/692 | 108.13 | 3,243.9/- | 5,406.5/- | 2,162.6 |
| ബാലകൃഷ്ണൻ, ദ്വാരക, പൂവറ്റൂർ കിഴക്ക്, കലയപുരം | 5/693 | 121.08 | 3,632.4/- | 6,054/- | 2,421.6 |

ഈ സാഹചര്യത്തിൽ 100 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള എല്ലാ വാണിജ്യകെട്ടിടങ്ങളുടെയും വസ്തുനികുതി നിർണ്ണയം പരിശോധിക്കേണ്ടതും നികുതി പുനർനിർണ്ണയിച്ച്, ഈടാക്കാൻ അവശേഷിക്കുന്ന തുകകൾ ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.12/2020-2021/19.11.2021

1-12 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ സ്ഥാപിച്ചിരിക്കുന്ന ബി.എസ്.എൽ.എൽ. മൊബൈൽ ടവറിന്റെ 2020-2021 വർഷത്തെ വസ്തുനികുതി 3,780/-രൂപ നാളിതുവരെയും അടവാക്കിയിട്ടില്ല. ഡിമാന്റ് നോട്ടീസ് നൽകിയിട്ടും വസ്തുനികുതി ഒടുക്കാത്ത സാഹചര്യത്തിൽ നികുതി പിഴപ്പലിശ സഹിതം ഈടാക്കാൻ നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 വാടക കുടിശിക നാളിതുവരെ ഒടുക്കുവരുത്തിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ വാടക ഒടുക്കുവരുത്തുവാനവശേഷിക്കുന്നു.

| ക്രമ നം. | പേര്, മേൽവിലാസം | ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം. | ഈടാക്കാനവശേഷിക്കുന്ന കാലയളവ് | വാടക(രൂപ) |
|---|---|---|---|---|
| 1 | ഗോപകുമാർ, സായീപ്രസന്നം | ഏറത്തു കുളക്കട റൂം നം.2 | ഏപ്രിൽ 2020 മുതൽ മാർച്ച് 2021 വരെ | 2737*12 = 32,844/- |

വാടക കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് വാടക ഈടാക്കാൻ ആർ.ആർ. നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി നൽകി. കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 5/2020-2021/17.11.2021

1-14 ലോഗ് ബുക്കിലെ ക്രമക്കേടുകൾ - ഡീസൽ നിറച്ചയിനത്തിൽ അധികം നൽകിയ തുക 18,166/-രൂപ നിരാകരിക്കുന്നു. ലോഗ് ബുക്കിന്റെ അഭാവത്തിൽ 59,825/-രൂപ തടസ്സപ്പെടുത്തുന്നു.

2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-24K-1239 എന്ന ബൊലേറോ ജീപ്പിന് ഡീസൽ നിറച്ചതിൽ വ്യാപകമായ സാമ്പത്തിക ക്രമക്കേടുകൾ നടന്നതായി ലോഗ് ബുക്കും, ഡീസൽ നിറച്ച സ്ഥാപനത്തിൽ നിന്നുള്ള ബില്ലുകളും പരിശോധിച്ചതിൽ കണ്ടെത്താൻ കഴിഞ്ഞു. കൂടാതെ പരിശോധനയ്ക്ക് ലഭ്യമാക്കിയ ലോഗ് ബുക്കിൽ താഴെപ്പറയും പ്രകാരമുള്ള

അപാകതകൾ കാണുന്നു.

1) ലോഗ് ബുക്കിൽ ഒരോ ദിവസവും യാത്രചെയ്ത കിലോമീറ്ററുകൾ രേഖപ്പെടുത്തിയിരുന്നതിൽ വ്യാപകമായ വെട്ടിത്തിരുത്തലുകൾ വരുത്തിയിരിക്കുന്നു.

2) മിക്ക യാത്രയിലും യാത്രചെയ്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

3) മിക്ക യാത്രയിലും യാത്രചെയ്ത സ്ഥലം രേഖപ്പെടുത്തുന്നില്ല.

4) യാത്രചെയ്ത കിലോമീറ്ററുകൾ ഉൾപ്പെടുത്തി ആകെ കിലോമീറ്ററുകൾ കണക്കാക്കി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ തെറ്റ് കാണുന്നു.

5) ടാങ്ക് കപ്പാസിറ്റി (60 Lit) യേക്കാൾ കൂടുതൽ ഡീസൽ നിറച്ചതായി കാണുന്നു.

6) യാത്രചെയ്ത കിലോമീറ്ററുകളും ഡീസൽ നിറച്ചതും തമ്മിൽ പൊരുത്തപ്പെടുന്നില്ല. (23.12.17-ലെ No.200/Q/17/(245), 20.7.2019-ലെ No.200/Q/2019/(115) എന്നീ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് സർട്ടിഫിക്കറ്റുകൾ പ്രകാരം 11 KM/1 Lit. ആണ് വാഹനത്തിന്റെ ശരാശരി മൈലേജ്) ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡീസൽ നിറച്ച കാലയളവ് | യാത്രചെയ്ത കിലോമീറ്റർ | നിറച്ച ഡീസൽ (ലിറ്റർ) നൽകിയ തുക(രൂപ) ചെക്ക് നം/ തീയതി | നിറച്ച ഡീസൽ പ്രകാരം യാത്രചെയ്യേണ്ട ദൂരം | ആയതിലെ വ്യത്യാസം (കിലോമീറ്റർ) | അവശേഷിക്കുന്ന ഡീസൽ (ലി) | അധികം നൽകിയ തുക(രൂപ) |
|---|---|---|---|---|---|---|
| 31.1.20-ലെ ക്ലോസിംഗ് ബാലൻസ് - 28.5 ലിറ്റർ | | | | | | |
| 2/20 | 2854 (158703 To 161557) | 354.41 @ 69.47 (325.91+28.5) Rs.22,643/- (027522/11.8.20) | 3898.51 | 1044.51 | 94.95 | 6,596/- |
| 3/20 | 2608 (161557 To 164165) | 390.57 @ 78.39 (406.07-15.5) Rs.30,616/- (027522/11.8.20) | 4296.27 | 1688.27 | 153.47 | 11,570/- |
| 31.3.20 ൽ അവശേഷിക്കുന്ന ഡീസൽ – 15.5 ലിറ്റർ | | | | | | |
| ആകെ | | | | | | 18,166/- |

7) 4/20 മുതൽ 8/20 വരെയുള്ള മാസങ്ങളിലെ ഡീസൽ നിറച്ചതിന്റെ പേയ്മെന്റ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിന് ആധാരമായ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8) 1.6.20 മുതലുള്ള ലോഗ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലോഗ് ബുക്കിന്റെ അഭാവത്തിൽ താഴെപ്പറയുന്ന ഡീസൽ നിറച്ച തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

| ഡീസൽ നിറച്ച കാലയളവ് | നൽകിയ തുക (രൂപ) | ചെക്ക് നം/തീയതി |
|---|---|---|
| 9/20 (23.9.20 മുതൽ) | 6,600/- | 027994/17.11.20 |
| 10/20 | 11,447/- | 027761/29.12.20 |
| 11/20 | 18,886/- | 027761/23.12.20 |

| | | |
|---|---|---|
| 12/20 | 8,250/- | 027762/31.12.20 |
| 1/21 | 1,500/- | 027810/12.1.21 |
| 1/21 | 13,142/- | 027816/19.1.21 |
| ആകെ | 59,825/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഡീസൽ നിറച്ചയിനത്തിൽ അധികം നൽകിയ 18,166/-രൂപ അംഗീകരിക്കുന്നില്ല. ഇത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ലോഗ് ബുക്കിന്റെ അഭാത്തിൽ 59,825/-രൂപ തടസ്സപ്പെടുത്തുന്നു. ലോഗ് ബുക്കും അനുബന്ധരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 59,825/-

നിരാകരിക്കുന്ന തുക – 18,166/-

ഓഡിറ്റ് എൻക്വയറി നമ്പർ - 21/ 23.11.21

1-15 ഭവനനിർമ്മാണ സമുച്ചയം - സോയിൽ ടെസ്റ്റ് നടത്തിയ ഇനത്തിൽ 520/-രൂപ അധികം നൽകി.

ലൈഫ് പാർപ്പിട സമുച്ചയനിർമ്മാണത്തിന് സെന്റർ ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് കൺസൾട്ടൻസി ആന്റ് സ്പോൺസേർഡ് റിസർച്ച് എന്ന സ്ഥാപനത്തിന് സോയിൽ ടെസ്റ്റ് നടത്തുന്നതിന് 61,880/-രൂപ (ചെക്ക് നം-027965/24.11.20) നൽകി. ടി സ്ഥാപനത്തിന്റെ വിനിയോഗ സാക്ഷ്യപത്രത്തിൽ സോയിൽ ടെസ്റ്റ് നടത്തിയതിന്റെ ചെലവ് 61,360/-രൂപയാണ്. ആയതിൻപ്രകാരം മേൽ സ്ഥാപനത്തിന് 520/-രൂപ അധികം നൽകി. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി സ്ഥാപനം നൽകിയ വിനിയോഗ സാക്ഷ്യപത്രത്തിൽ പിശക് സംഭവിച്ചതാണെന്നും, മുഴുവൻ ചെലവുതുകയുടേയും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ അധികം നൽകിയ 520/-രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-17/ 19.11.21

1-16 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 7,30,104/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുടെ ചെലവിനാധാരമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

| പ്രോജക്ട് നം/ഇനം | മുൻകൂർ കൈപ്പറ്റിയ സ്ഥാപനം | ഫണ്ട് | അടങ്കൽ(രൂപ) | ചെലവ്(രൂപ) | ബിൽ നം./ചെക്ക് നം. |
|---|---|---|---|---|---|
| S0010/21-ഐ.കെ.എം-വിഹിതം നൽകൽ | ഡയറക്ടർ, ഐ.കെ.എം | വികസനഫണ്ട്-ജനറൽ | 1,22,763/- | 1,22,763/- | 22/20-21 Dt.24.2.21 |
| S0301/21 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലും, ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കുളക്കട | തനത് ഫണ്ട് | 10,00,000/- | 63,369/- | 2928627 Dt.24.2.21 |

| | | | | | |
|---|---|---|---|---|---|
| സ്ഥാപിക്കലും | | | | | |
| S0268/21 അംഗൻവാടി വൈദ്യുതികരണം | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കുളക്കട | തനത് ഫണ്ട് | 10,000/- | 2,368/- | 027554 Dt.25.8.20 |
| S0153/21 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കുളക്കട | തനത് ഫണ്ട് | 2,25,888/- | 1,62,519/- | 2291840/15.7.20, 2291846/10.8.20 |
| S0235/21-അംഗൻവാടി നിർമ്മാണം-ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ | ബ്ലോക്ക് പഞ്ചായത്ത് | തനത് ഫണ്ട് | 5,00,000/- | 3,79,085/- | 021165 Dt.30.3.21 |
| | | | ആകെ | 7,30,104/- | |

ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 7,30,104/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-11/ 19.11.21

## 1-17 രേഖകൾ ലഭ്യമാക്കിയില്ല - ചെലവു തുക തടസ്സപ്പെടുത്തുന്നു.

| പദ്ധതിയുടെ പേര് | അടങ്കൽ തുക(രൂപ) | ചെലവു തുക(രൂപ) |
|---|---|---|
| മഴക്കാല രോഗപ്രതിരോധങ്ങൾ S0222/21 | തനതു ഫണ്ട്- 2,00,000/- | തനതു ഫണ്ട്- 1,90,000/- |

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി ) നിർവ്വഹണം നടത്തിയ മഴക്കാല രോഗപ്രതിരോധങ്ങൾ (S0222/21) എന്ന പ്രോജക്ടിനായി വാർഡൊന്നിന് 10,000/-രൂപ നിരക്കിൽ 1,90,000/-രൂപ ചെക്ക് നം. 2757152/16.05.2020 പ്രകാരം നൽകിയിരുന്നു. എന്നാൽ ടി തുകയുടെ വിനിയോഗരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗരേഖകളുടെ അഭാവത്തിൽ 1,90,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 1,90,000/-രൂപ
ഓഡിറ്റ് എൻക്വയറി നം. 16/2020-21, 23.11.2021

## 1-18 വാടക, ലേലം - കരാർ ചമയ്ക്കുന്നില്ല.

വാടക, ലേലം കരാർ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ, കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരമുള്ള യാതൊരു നിർദ്ദേശങ്ങളും പാലിക്കാതെ മുദ്രപത്രം വാങ്ങി പേരെഴുതി സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് ഡയറക്ടറുടെ 18.01.2007 തീയതിയിലെ സർക്കുലർ (നം.എച്ച് 1-13880/06) പ്രകാരം പഞ്ചായത്ത് കരാറിൽ ഏർപ്പെടുമ്പോൾ പാലിക്കേണ്ട നടപടികളെപ്പറ്റി വിശദമാക്കുന്നുണ്ട്. ആയതുപ്രകാരം വിശദമായും ഏകീകൃത സ്വഭാവത്തിലുള്ളതുമായ കരാർ ചമയ്ക്കേണ്ടതും കരാറിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-19 സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായും അടവാക്കിയില്ല.

2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവിന്റെ രജിസ്റ്ററും റിട്ടേൺ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൻവർഷം സ്ഥാപന തൊഴിൽ

നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | കൈരളി എക്സ്പോർട്സ്, കുളക്കട | II |
| 2 | മേരി റാണി പോപ്പുലർ നിധി, പുത്തൂർ | II |
| 3 | സെന്റ് പോൾസ് കാഷ്യൂ ഫാക്ടറി, പാക്കിംഗ് സെന്റർ, ചുങ്കത്തറ | II |
| 4 | സെന്റ് പോൾസ് കാഷ്യൂ ഫാക്ടറി, ചുങ്കത്തറ | II |
| 5 | മാർ ഇവാനിയോസ് ബഥനി സ്കൂൾ | II |

നികുതി കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.8/2020-21/17.11.2021

1-20 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവിന്റെ രജിസ്റ്ററും റിട്ടേൺ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | വെണ്ടാർ ദേവസ്വം | I, II |
| 2 | ആഞ്ജനേയാ ഫ്യൂവൽസ്, കലയപുരം | I, II |
| 3 | വിജയാ ഹോളോബ്രിക്സ്, കലയപുരം | I, II |
| 4 | മുണ്ടയ്ക്കൽ ജ്യൂവലറി, പുത്തൂർ | I, II |
| 5 | പോപ്പുലാർ മോട്ടോർ കോർപറേഷൻ, ജെ.സി.ബി. ഡിവിഷൻ, കൊട്ടാരക്കര | II |
| 6 | കുളക്കട ക്ഷീരോൽപ്പാദക സഹകരണസംഘം | I, II |
| 7 | ഏറത്തുകുളക്കട ക്ഷീരോൽപ്പാദക സഹകരണസംഘം | I, II |
| 8 | പൂവറ്റൂർ വെസ്റ്റ് ക്ഷീരോൽപ്പാദക സഹകരണസംഘം | I, II |
| 9 | പൂവറ്റൂർ ഈസ്റ്റ് ക്ഷീരോൽപ്പാദക സഹകരണസംഘം | I, II |
| 10 | വെണ്ടാർ ക്ഷീരോൽപ്പാദക സഹകരണസംഘം | I, II |
| 11 | ആറ്റുവശ്ശേരി ക്ഷീരോൽപ്പാദക സഹകരണസംഘം | I, II |
| 12 | പഞ്ചായത്തിലെ കരാറുകാർ | I, II |
| 13 | റേഷൻ ഷോപ്പ്, ARD No.39, 217, 316, 37, 43, 36, 292, 291, 290, 289, 261, | I, II |

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.

നികുതി കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.19/2020-2021/18.11.2021

1-21 പാർപ്പിട സമുച്ചയ നിർമ്മാണം - പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ ലൈഫ് മിഷൻ ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (ജനറൽ & എസ്.സി), ലൈഫ് മിഷൻ പാർപ്പിട സമുച്ചയ നിർമ്മാണം എന്നീ പദ്ധതികൾക്കായി താഴെ കാണുന്ന പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര്, നമ്പർ | അടങ്കൽ തുക(രൂപ), ഫണ്ടിനം | ചെലവ് തുക(രൂപ) | ബിൽ നം |
|---|---|---|---|---|
| 1 | 228/21 ലൈഫ് പാർപ്പിട സമുച്ചയ നിർമ്മാണം | വികസന ഫണ്ട് - 45,50,000/- ബ്ലോക്ക് വിഹിതം- 16,00,000/- ജില്ലാ വിഹിതം- 10,00,000/ | 16,00,000/- | 23/15.03.21 |
| 2 | 231/21 ലൈഫ് പാർപ്പിടസമുച്ചയ നിർമ്മാണം (എസ്.സി) | വികസന ഫണ്ട് - 10,00,000/- | 10,00,000/- | 24/15.03.21 |
| 3 | ലൈഫ് മിഷൻ ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (ജനറൽ) 253/21 | വികസന ഫണ്ട് - 36,65,600/- ബ്ലോക്ക് വിഹിതം- 9,00,000/- | 36,65,600/- 8,06,400/- | |
| 4 | ലൈഫ് മിഷൻ ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (എസ്.സി) 254/21 | വികസന ഫണ്ട് – 5,00,000/- ബ്ലോക്ക് വിഹിതം – 9,00,000/- | 4,48,000/- | |

ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിനായി പ്രോജക്ട് നമ്പർ 253/21, 254/21 എന്നിവ പ്രകാരം 49,20,000/-രൂപ ചെലവഴിച്ച് 67 ആർ 10 എം$^2$ ഭൂമി വാങ്ങിയിരുന്നു. ഭൂരഹിതർക്ക് ഭൂമി വാങ്ങുന്ന പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ 40 ഗുണഭോക്താക്കളാണുള്ളത്. ടി സ്ഥലത്ത് പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ നോഡൽ എജൻസിയായി, 4-8-20 ലെ കമ്മിറ്റിതീരുമാനം 10(1) പ്രകാരം ഐകകണ്ഠേന തെരഞ്ഞെടുത്തിരുന്നു. ഭവനസമുച്ചയ നിർമ്മാണത്തിനായി പ്രോജക്ട് നമ്പർ 228/21, 231/21 എന്നീ പ്രോജക്ടുകൾ പ്രകാരം 75,50,000/-രൂപ അടങ്കൽ വകയിരുത്തി ആവിഷ്കരിച്ചിരുന്നു. 23-9-20 ലെ കെ3-3753/20 നമ്പർ കത്ത് പ്രകാരം ഭവനനിർമ്മാണത്തിനുള്ള വസ്തു സജ്ജമായെന്നറിയിച്ചതിനെ തുടർന്ന്, മണ്ണ് പരിശോധന നടത്തുന്നതിന് 1-10-20 ലെ QB/DB/433

/20-21 നമ്പർ കത്ത് പ്രകാരം ബോർഡ് പഞ്ചായത്തിന് നിർദ്ദേശം നൽകി. ഇത് പ്രകാരം 61,880/-രൂപ ചെലവഴിച്ച് സെന്റർ ഫോർ കൺസൾട്ടൻസി ആന്റ് സ്പോൺസേഡ് റിസേർച്ച്, തിരുവനന്തപുരം എന്ന സ്ഥാപനം മണ്ണ് പരിശോധന നടത്തി നൽകിയ റിപ്പോർട്ട് ബോർഡിന് നൽകി. ഭവന സമുച്ചയ നിർമ്മാണത്തിന് KSHB സമർപ്പിച്ച 8,44,80,000/-രൂപയുടെ എസ്റ്റിമേറ്റ് 16-2-21 ലെ കമ്മിറ്റിയുടെ 2(2) നമ്പർ തീരുമാനപ്രകാരം ഐകകണ്ഠേനെ അംഗീകരിക്കുകയും 228/21, 231/21 എന്നീ പദ്ധതികളിൽ നിന്ന് യഥാക്രമം 16,00,000/-രൂപ, 10,00,000/- രൂപ ബോർഡിന് ഒടുക്കിയിട്ടുണ്ട്.

എന്നാൽ 24-9-21 ലെ കമ്മിറ്റി തീരുമാനം 1(1) പ്രകാരം ടി പദ്ധതി ഗ്രാമപഞ്ചായത്തിന് താങ്ങാൻ കഴിയില്ലാത്തതിനാൽ എഗ്രിമെന്റിൽ നിന്നും പിൻമാറുന്നതിനും, നൽകിയ 26,00,000/-രൂപ തിരികെ വാങ്ങുന്നതിനും KSHB-യോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. 25-10-21 ലെ QB/DB/433 /2020-21 കത്ത് പ്രകാരം ടി പദ്ധതിയ്ക്ക് വേണ്ടി കൺസൾട്ടൻസി ചാർജ്ജിനത്തിൽ ചെലവായ തുകയും ആയതിന്റെ 18% ജി.എസ്.ടി.യും ഈടാക്കി ബാക്കി തുക തിരികെ നൽകാമെന്ന് KSHB അറിയിച്ചിട്ടുണ്ട്.

പദ്ധതിനിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ആവശ്യകത വ്യക്തമായി നിർണ്ണയിച്ച് നോഡൽ ഏജൻസിയിൽ നിന്ന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ വീഴ്ചവരുത്തി.

2) രണ്ടു പദ്ധതികളിലായി 75,50,000/-രൂപ മാത്രം വകയിരുത്തിയ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് 10 മടങ്ങിലധികം വർദ്ധിപ്പിച്ച് 8,44,80,000/-രൂപയ്ക്ക് തയ്യാറാക്കിയത് കമ്മിറ്റി അംഗീകരിച്ചതിന്റെയടിസ്ഥാനം വ്യക്തമല്ല.

വികസനഫണ്ടുപയോഗിച്ച് രണ്ടുവർഷങ്ങളിലായി, ഗുണഭോക്തൃലിസ്റ്റിലെ എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിന് തുക കണ്ടെത്തി, പദ്ധതി പൂർത്തീകരിക്കാമെന്നിരിക്കെ, ഭീമമായ തുകയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചതിനാൽ തൻവർഷ പദ്ധതി നിർവ്വഹണം നടപ്പാക്കാതെ ഫണ്ട് ലാപ്സായി. ധന സ്രോതസ്സ് കണ്ടെത്താനാവാത്തതിനാൽ ഭവന നിർമ്മാണബോർഡുമായുള്ള കരാർ റദ്ദാക്കുന്നതുമൂലമുള്ള നഷ്ടം സെക്രട്ടറിയിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തേണ്ടതും, KSHB യ്ക്ക് നൽകിയ തുക തിരികെ ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 26,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന തുക – 26,00,000/-രൂപ

ഓഡിറ്റ് എൻക്വയറി നം – 15/23.11.21

1-22 കെല്ലിന് ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്കായി തുക നൽകിയെങ്കിലും നാളിതുവരെ പണി നടന്നിട്ടില്ല.

2020-21 വാർഷികകണക്കുകളുടെ ബാലൻസ് ഷീറ്റിൽ അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് എന്ന പേരിൽ കെല്ലിന് 6,77,149/-രൂപ നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ ലഡ്ജർ പരിശോധിച്ചത് പ്രകാരം 6,77,149/-രൂപ 2018-19 വർഷം നമ്പിമൺ കടവ് ഇക്കുപാലം നവീകരണം എന്ന പ്രോജക്റ്റിനായി(155/19) കെല്ലിന് നൽകിയിരുന്നു. (ചെക്ക് നമ്പർ 267513/18-7-18). ടി പ്രവൃത്തിയ്ക്കായി 12,77,148.60/- രൂപയുടെ എസ്റ്റിമേറ്റ് നൽകുകയും 17-7-18 തീയതിയിൽ 1/18-19 നമ്പരായി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തതിനെ തുടർന്ന് 50% തുക അഡ്വാൻസായി നൽകി. എന്നാൽ നാളിതുവരെ ടി പ്രവൃത്തി നടന്നിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ടി പ്രവൃത്തി നടക്കാത്ത പക്ഷം ടി തുക തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം – 25/23.11.21

1-23 ഡെപ്പോസിറ്റ് പ്രവൃത്തി - ബാലൻസ് തുക ലഭ്യമായില്ല.

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം.125/21 പാത്തല കുടിവെള്ള പദ്ധതി പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രവൃത്തിക്ക് വേണ്ടി വകയിരുത്തിയിരുന്ന അടങ്കൽ തുക 5,13,700/-രൂപ (വികസന ഫണ്ട്, എസ്.സി.പി) ബിൽ നം.24697/20, തീ.4/5/2020 പ്രകാരം വാട്ടർ അതോറിറ്റി, കൊട്ടാരക്കര ഡിവിഷനു നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തികരിച്ച്, 3,94,409/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. ബാലൻസ് തുക 1,19,291/- (513700 – 394409) രൂപ തിരികെ ലഭ്യമായിട്ടില്ല. ടി തുക ലഭ്യമാക്കി രേഖകൾ ഹാജരാക്കി അറിയിക്കേണ്ടതാണ്.

1-24 ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല.

പ്രോജക്റ്റ് നം. – 42/21

പ്രോജക്റ്റ് – പഠനമുറി എസ് സി വിദ്യാർത്ഥികൾക്ക്

നിർവ്വഹണം – അസി.സെക്രട്ടറി

അടങ്കൽ - 11,04,392/- വികസനഫണ്ട്(എസ്.സി.പി)

തനതുഫണ്ട് – 18,95,608/-

ആകെ - 30,00,000/-

എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 1,00,000/-രൂപ വീതം 30 ഗുണഭോക്താക്കൾക്ക് നൽകാനായിരുന്ന പ്രോജക്റ്റ്. എന്നാൽ ചുവടെകൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ശേഷം പ്രവൃത്തി പൂർത്തീകരിച്ചില്ല.

| ക്രമ നം | ഗുണഭോക്താവ് | വാർഡ് | തുക (രൂപ) |
|---|---|---|---|
| 1. | ഓമന.സി, ചരുവിള വീട് | 15 | 50,000/- ബിൽ.നം.35/24-3-21 |
| 2. | ശ്യാമള, ചെറുകരകുഴിയൽ | 9 | 75,000/-ബിൽ.നം.38/30-3-21 |
| 3. | ദിലീപ് ചന്ദ്രൻ, കാവിളവീട് | 7 | 50,000/-ബിൽ.നം.25/11-2-21 |

മേൽ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലോഗ് ബുക്കിലെ ക്രമക്കേടുകൾ - ഡീസൽ നിറച്ചയിനത്തിൽ അധികം നൽകിയ തുക 18,166/-രൂപ നിരാകരിക്കുന്നു. ലോഗ് ബുക്കിന്റെ അഭാവത്തിൽ 59,825/-രൂപ തടസ്സപ്പെടുത്തുന്നു.

2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-24K-1239 എന്ന ബൊലേറോ ജീപ്പിന് ഡീസൽ നിറച്ചതിൽ വ്യാപകമായ സാമ്പത്തിക ക്രമക്കേടുകൾ നടന്നതായി ലോഗ് ബുക്കും, ഡീസൽ നിറച്ച സ്ഥാപനത്തിൽ നിന്നുള്ള ബില്ലുകളും പരിശോധിച്ചതിൽ കണ്ടെത്താൻ കഴിഞ്ഞു. കൂടാതെ പരിശോധനയ്ക്ക് ലഭ്യമാക്കിയ ലോഗ് ബുക്കിൽ താഴെപ്പറയും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1) ലോഗ് ബുക്കിൽ ഒരോ ദിവസവും യാത്രചെയ്ത കിലോമീറ്ററുകൾ രേഖപ്പെടുത്തിയിരുന്നതിൽ വ്യാപകമായ വെട്ടിത്തിരുത്തലുകൾ വരുത്തിയിരിക്കുന്നു.

2) മിക്ക യാത്രയിലും യാത്രചെയ്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

3) മിക്ക യാത്രയിലും യാത്രചെയ്ത സ്ഥലം രേഖപ്പെടുത്തുന്നില്ല.

4) യാത്രചെയ്ത കിലോമീറ്ററുകൾ ഉൾപ്പെടുത്തി ആകെ കിലോമീറ്ററുകൾ കണക്കാക്കി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ തെറ്റ് കാണുന്നു.

5) ടാങ്ക് കപ്പാസിറ്റി (60 Lit) യേക്കാൾ കൂടുതൽ ഡീസൽ നിറച്ചതായി കാണുന്നു.

6) യാത്രചെയ്ത കിലോമീറ്ററുകളും ഡീസൽ നിറച്ചതും തമ്മിൽ പൊരുത്തപ്പെടുന്നില്ല. (23.12.17-ലെ No.200/Q/17/(245), 20.7.2019-ലെ No.200/Q/2019/(115) എന്നീ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർട്ടിഫിക്കറ്റുകൾ പ്രകാരം 11 KM/1 Lit. ആണ് വാഹനത്തിന്റെ ശരാശരി മൈലേജ്) ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡീസൽ നിറച്ച കാലയളവ് | യാത്ര ചെയ്ത കിലോമീറ്റർ | നിറച്ച ഡീസൽ (ലിറ്റർ) നൽകിയ തുക(രൂപ) ചെക്ക് നം/ തീയതി | നിറച്ച ഡീസൽ പ്രകാരം യാത്രചെയ്യേണ്ട ദൂരം | ആയതിലെ വ്യത്യാസം (കിലോമീറ്റർ) | അവശേഷിക്കുന്ന ഡീസൽ (ലി) | അധികം നൽകിയ തുക(രൂപ) |
|---|---|---|---|---|---|---|
| 31.1.20-ലെ ക്ലോസിംഗ് ബാലൻസ് - 28.5 ലിറ്റർ | | | | | | |
| 2/20 | 2854 (158703 To 161557) | 354.41 @ 69.47 (325.91+28.5) Rs.22,643/- (027522/11.8.20) | 3898.51 | 1044.51 | 94.95 | 6,596/- |
| 3/20 | 2608 (161557 To 164165) | 390.57 @ 78.39 (406.07-15.5) Rs.30,616/- (027522/11.8.20) | 4296.27 | 1688.27 | 153.47 | 11,570/- |
| 31.3.20 ൽ അവശേഷിക്കുന്ന ഡീസൽ – 15.5 ലിറ്റർ | | | | | | |
| ആകെ | | | | | | 18,166/- |

7) 4/20 മുതൽ 8/20 വരെയുള്ള മാസങ്ങളിലെ ഡീസൽ നിറച്ചതിന്റെ പേയ്മെന്റ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിന് ആധാരമായ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8) 1.6.20 മുതലുള്ള ലോഗ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലോഗ് ബുക്കിന്റെ അഭാവത്തിൽ താഴെപ്പറയുന്ന ഡീസൽ നിറച്ച തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

| ഡീസൽ നിറച്ച കാലയളവ് | നൽകിയ തുക (രൂപ) | ചെക്ക് നം/തീയതി |
|---|---|---|
| 9/20 (23.9.20 മുതൽ) | 6,600/- | 027994/17.11.20 |
| 10/20 | 11,447/- | 027761/29.12.20 |
| 11/20 | 18,886/- | 027761/23.12.20 |
| 12/20 | 8,250/- | 027762/31.12.20 |
| 1/21 | 1,500/- | 027810/12.1.21 |
| 1/21 | 13,142/- | 027816/19.1.21 |
| ആകെ | 59,825/- | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഡീസൽ നിറച്ചയിനത്തിൽ അധികം നൽകിയ 18,166/-രൂപ അംഗീകരിക്കുന്നില്ല. ഇത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ലോഗ് ബുക്കിന്റെ അഭാത്തിൽ 59,825/-രൂപ തടസ്സപ്പെടുത്തുന്നു. ലോഗ് ബുക്കും അനുബന്ധരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 59,825/-

നിരാകരിക്കുന്ന തുക – 18,166/-

ഓഡിറ്റ് എൻക്വയറി നമ്പർ - 21/23.11.21

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 11-11-21, 12-11-21 | കെ.എസ്.എ.കെ.എൽ.എം.പി.11/1714/21 തീയതി. 03.07.2022 |

### 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

(മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ്(രൂപ) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 3,52,750/- | നെൽകൃഷി വികസനം | 3,52,750/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 3,38,810/- | നെൽകൃഷി വികസനം | 3,38,810/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 11,86,000/- | ലൈഫ് ഭവന പദ്ധതി | 11,86,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2,35,300/- | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള | 2,35,300/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 98,724/- | ലൈഫ് ഭവന പദ്ധതി | 98,724/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,21,850/- | പാലിന് സബ്സിഡി | 1,21,850/- | 0 |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2020-21 | 3,00,000/- | അനുപൂരക പോഷകാഹാര പദ്ധതി | 3,00,000/- | 0 |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2020-21 | 2,94,700/- | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 2,94,700/- | 0 |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2020-21 | 3,76,250/- | ലൈഫ് ഭവന പദ്ധതി | 0 | 3,76,250/- |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2020-21 | 3,60,000/- | ലൈഫ് ഭവന പദ്ധതി | 0 | 3,60,000/- |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2020-21 | 1,60,000/- | ലൈഫ് ഭവന പദ്ധതി | 0 | 1,60,000/- |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2020-21 | 9,06,620/- | ലൈഫ് ഭവന പദ്ധതി | 6,620/- | 9,00,000/- |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2020-21 | 1,43,554/- | പാലിന് സബ്സിഡി | 0 | 1,43,554/- |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2020-21 | 1,23,000/- | മത്സ്യകൃഷി | 0 | 1,23,000/- |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 9,00,000/- | ലൈഫ് ഭവന പദ്ധതി | 8,06,400/- | 93,600/- |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 9,00,000/- | ലൈഫ് ഭവന പദ്ധതി | 4,48,000/- | 4,52,000/- |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈറ്റ് മെയിൻ | | 3,01,510/- | 0 | 3,01,510/- |
| KSHB | ഭവനസമുച്ചയം | | 26,00,000/- | 0 | 26,00,000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവും ചെലവുമില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക(രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | | 0 | 55,15,740/- | 12,44,354/- | | 42,71,386/- |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 2-3 | 2015-16 | | കാർഷിക യന്ത്രവത്കരണം ലക്ഷ്യം നേടിയില്ല | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2010-11 | 3-9 | 2012-13 | | കുളക്കട പട്ടികജാതി സർവ്വീസ് സൊസൈറ്റിക്ക് പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2014-15 | 3-2 | 2016-17 | | പുത്തൂർ മാർക്കറ്റ് നവീകരണവും ഓപ്പൺ സ്റ്റാളും ഉടമസ്ഥാവകാശം ഉറപ്പ് വരുത്തിയില്ല. | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 18,166/- | ശ്രീ.സുജിത്ത് കുമാർ.വി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 59,825/- | ശ്രീ.സുജിത്ത് കുമാർ.വി, സെക്രട്ടറി |
| 1-16 | 7,30,104/- | ശ്രീ.സുജിത്ത് കുമാർ.വി, സെക്രട്ടറി |
| 1-17 | 1,90,000/- | ഡോ.ശോഭ.കെ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-21 | 26,00,000/- | ശ്രീ.ജോസ് പ്രകാശ്.റ്റി.ഐ, സെക്രട്ടറി ഇൻചാർജ്ജ് |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുജിത്ത് കുമാർ.വി,<br>സെക്രട്ടറി | സെക്രട്ടറി,<br>കുളക്കട ഗ്രാമപഞ്ചായത്ത് | സുജിത്ത് ഭവനം,<br>ചെറുപൊയ്ക.പി.ഒ |
| ഡോ.ശോഭ.കെ,<br>മെഡിക്കൽഓഫീസർ,<br>സി.എച്ച്.സി | കുളക്കട സി.എച്ച്.സി | ഷൺമുഖപ്രിയ,<br>മെരനഗർ-31/A,<br>മുണ്ടയ്ക്കൽ ഈസ്റ്റ്,<br>കൊല്ലം |
| ശ്രീ.ജോസ് പ്രകാശ്.റ്റി.ഐ,<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി,<br>കുളക്കട ഗ്രാമപഞ്ചായത്ത് | തട്ടുവിള പുത്തൻവീട്,<br>കുമ്പളം പി.ഒ, കുണ്ടറ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | കെ.എസ്.എ/കെ.എൽ.എം/പി-11-399(3)/23-02-2018 |
| 1996-98 | കെ.എസ്.എ/കെ.എൽ.എം/പി-11-399(4)/23-02-2018 |
| 1998-99 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 1999-00 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2000-01 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2001-02 & 2002-03 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2003-04 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2004-05 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2005-06 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2006-07 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2007-08 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |

| | |
|---|---|
| 2008-09 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2009-10 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2010-11 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2011-12 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2012-13 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2013-14 & 2014-15 | കെ.എസ്.എ/കെ.എൽ.എം/പി-3/850/2016/02-06-2016 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം/പി-8-1755/16/27-12-2016 |
| 2016-17 | കെ.എസ്.എ/കെ.എൽ.എം/പി-11-1959/2017/22-12-2017 |
| 2017-18 | കെ.എസ്.എ/കെ.എൽ.എം/പി-11-221/19/12-04-2019 |
| 2018-19 | കെ.എസ്.എ/കെ.എൽ.എം/പി.11/391/2020/17/06/2020 |
| 2019-20 | കെ.എസ്.എ/കെ.എൽ.എം/പി.11/1715/2021/31/05/2022 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്